(ബി) പി.എസ്.സി. മുഖാന്തരം പ്രസ്തുത തസ്തികകളിൽ നിയമനം നടന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ മെഡിക്കൽ കോളേജിൽ 1-6-2015-ൽ അദ്ധ്യാപക വിഭാഗത്തിലും അനദ്ധ്യാപക വിഭാഗത്തിലും ജോലി ചെയ്യുന്നവരുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിയമന മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിയമനങ്ങൾ നടത്തിയിരിക്കുന്നത്.

അനദ്ധ്യാപക നിയമനങ്ങൾ Kerala Public Service Commission നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടത്തിയിട്ടുള്ളത്.

(ബി) ഇല്ല.

പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

303 (968) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പദ്ധതി വിഹിതമായി എത്ര തുകയാണ് 2013-14 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയത് ; അതിൽ എത്ര തുക ചെലവഴിച്ചു ;

(ബി) 2014-15- ലെ ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചു ; ഇതുവരെ എത്ര തുക ചെലവഴിച്ചു ; നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി ഏതുഘട്ടം വരെയായി ?

ഉത്തരം

(എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2013-14-ൽ പദ്ധതി വിഹിതമായി ബഡ്ജറ്റിൽ പ്രത്യേകം തുകയൊന്നും വകയിരുത്തിയിരുന്നില്ല. എന്നാൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 55 കോടി രൂപയും മുൻ വർഷങ്ങളിലെ ചെലവുകഴിച്ചുള്ള ബാക്കി തുകയും പലിശയിനത്തിൽ ലഭിച്ച വരുമാനവും ഉൾപ്പെടെ ഉണ്ടായിരുന്ന 99.91 കോടി രൂപയിൽ 4.88 കോടി രൂപ 2013-14-ൽ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2014-15-ൽ 150 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതേവരെ (31-3-2015 വരെ) ആകെ 27.40 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോളേജിന്റെ അക്കാദമി കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. കോളേജിനും അനുബന്ധ കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുമുള്ള സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി വിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

304 (969) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം കേന്ദ്ര പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിലെ അപാകതമൂലം ഓരോ വർഷവും എത്ര തുക വീതം പാഴായെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ)

1. മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾക്കുള്ള സ്കോളർഷിപ്പ് (100% കേന്ദ്രസഹായം)
2. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരമുയർത്തൽ (100% കേന്ദ്ര സഹായം)
3. അനാരോഗ്യ ചുറ്റുപാടുകളിൽ പണിയെടുക്കുന്ന രക്ഷിതാക്കളുടെ മക്കൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രസഹായം)
4. 9, 10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്(100% കേന്ദ്രസഹായം)
5. 1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്രസഹായം)
6. ബാബു ജഗ്ജീവൻ റാം ഛത്രവാസ് യോജന (ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം)(50% കേന്ദ്രസഹായം)
7. പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം (100% കേന്ദ്രസഹായം)

LIBRARY ARCHIVES Kerala Legislative Assembly